പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2155

05.05.2017-ൽ മറുപടിയ്ക്ക്

## മത്സ്യസമ്പത്തിൽ വന്ന കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 1970-2010 കാലയളവിൽ രാജ്യമെമ്പാടുമുള്ള മത്സ്യസമ്പത്തിൽ അയല, ചൂര, കോര, തുടങ്ങിയവയിൽ 74 ശതമാനത്തിന്റെ കുറവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും | ഇല്ല. 1970 കളിലെ മത്സ്യസമ്പത്തിന്റെ കണക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലെങ്കിലും 1980-2010 കാലയളവ് അടിസ്ഥാനമാക്കി നോക്കുമ്പോൾ ഇത്തരം മത്സ്യങ്ങളുടെ ഉല്പാദനത്തിൽ കുറവുണ്ടായിട്ടില്ല. |
| (ബി) | എങ്കിൽ, കേരളത്തിൽ ഈ കാലയളവിൽ ഈ വിഭാഗം മത്സ്യങ്ങളുടെ വർദ്ധനയിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടോ; | | |
| (സി) | കാലാവസ്ഥ വ്യതിയാനത്തിനും കടലിൽ അടിത്തട്ടുവരെ അരിച്ചു പെറുക്കുന്ന വിദേശ കപ്പലുകളുടെ മീൻ കൊയ്ത്തലിനും ഈ കുറവിൽ കാര്യമായ പങ്കുണ്ടോ; | (സി) | ബാധകമല്ല. |
| (ഡി) | വിദേശകപ്പലുകളുടെ മീൻപിടുത്തം ഇപ്പോൾ കേന്ദ്രസർക്കാർ വിലക്കിയിട്ടുണ്ടോ; | (ഡി) | നിലവിലുള്ള വിദേശ കപ്പലുകൾക്ക് കേന്ദ്ര സർക്കാർ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. പുതുതായി ലെറ്റർ ഓഫ് പെർമിറ്റ് അനുവദിക്കുന്നതല്ലായെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ട്. |
| (ഇ) | പ്രസ്തുത തീരുമാനം സംസ്ഥാനത്തെ എങ്ങനെ ബാധിക്കും; വിശദാംശങ്ങൾ നൽകുമോ? | (ഇ) | നിലവിലുള്ള വിദേശ കപ്പലുകൾക്കുള്ള ലെറ്റർ ഓഫ് പെർമിറ്റ് നിർത്തലാക്കിയാൽ മാത്രമേ കടൽ മത്സ്യസമ്പത്ത് വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ